/301754/2023

ഭരണഭാഷ മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ
തിരുവനന്തപുരം.33

നം.E6/139/2023 തീയതി :18-03-2023

## സർക്കുലർ

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- 2022-2023 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് ചെലവഴിക്കുന്നത് - ഉപകരണ സംഭരണം - തൃപ്തികരമായി ഉപകരണങ്ങൾ വിതരണം നടത്തിയത് - തുക മാറി നൽകുന്നതിനു - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്:

സൂചന:-

**************

വിവിധ ഐ.ടി.ഐ കളിലെ വിവിധ ട്രേഡുകൾക്ക് ആവശ്യമായ ഉപകരണ സംഭരണം നടത്തുന്നതിന് ഇതിനകം വിവിധ സ്ഥാപനങ്ങൾക്ക് വിതരണ ഉത്തരവുകൾ നൽകിയിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കേണ്ടതിനാൽ ചുവടെപ്പറയുന്ന നിർദേശങ്ങൾ സ്ഥാപന മേധാവികൾ കർശനമായി പാലിക്കേണ്ടതാണ്.

1 ) വിതരണ ഉത്തരവുകൾ പ്രകാരമുള്ള ഉപകരണങ്ങൾ തൃപ്തികരമായി വിതരണം ചെയ്തിട്ടുണ്ട് എങ്കിൽ ആയതിന്റെ തുക മാറി നൽകിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഉറപ്പ് വരുത്തേണ്ടതാണ്.

2) തൃപ്തികരമായി വിതരണം പൂർത്തിയാക്കിയിട്ടില്ലാ യെങ്കിൽ ടി സ്ഥാപനവുമായി നിരന്തരം ബന്ധപ്പെടേണ്ടതും കമ്പനിയ്ക്ക് അയച്ച കത്തുകളുടെ പകർപ്പുകൾ സഹിതം വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

3) വിതരണ ഉത്തരവ് പ്രകാരമുള്ള ഉപകരണങ്ങൾ തൃപ്തികരമായി വിതരണം ചെയ്താലുടൻ തന്നെ ടി ഐറ്റം സർട്ടിഫൈ ചെയ്ത് സ്റ്റോക്കിലെടുത്ത് എത്രയും പെട്ടെന്ന് തുക മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4 ) സാമ്പത്തിക വർഷാവസാനമായതിനാൽ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കുമാർ, സൂപ്രണ്ട്,

/301754/2023

സ്റ്റോർകീപ്പർ, ട്രേഡ് ഇൻസ്ട്രക്ടർമാർ എന്നിവർ കൃത്യമായും ഓഫീസിൽ ഹാജരാകുന്നുവെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

5) 14.03.2023 -ലെ എസ്.എസ്.1/27/2023/fin. നമ്പർ സർക്കുലർ പ്രകാരം 28.03.2023 -ന ശേഷം സമർപ്പിക്കുന്ന ബില്ലുകൾ ട്രെഷറി ക്യൂ -യിൽ ആയിരിക്കും.ആയതിനാൽ 27.3.2023-ന മുൻപ് തന്നെ ബില്ലുകൾ ട്രെഷറിയിൽ സമർപ്പി ക്കേണ്ടതാണ്.

6 ) പ്ലാൻ ഫണ്ട് പൂർണ്ണമായും ചെലവഴിക്കേണ്ടതിനാൽ തൃപ്തികരമായി വിതരണം പൂർത്തിയാക്കിയിട്ടും കമ്പനികളുടെ തുക നടപ്പ സാമ്പത്തിക വർഷത്തിൽ തന്നെ സമയബന്ധിതമായി മാറി നൽകിയിട്ടില്ലാ എങ്കിൽ അതിൻറെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട സ്ഥാപനമേധാവി ക്കായിരിക്കും. ആയതിനാൽ തുക മാറി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) തൃപ്തികരമായി വിതരണം പൂർത്തിയാക്കിയിട്ടും നടപ്പ സാമ്പത്തിക വർഷത്തിൽ തുക മാറി നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള വ്യക്തമായ കാരണം സഹിതമായിരിക്കണം അടുത്ത സാമ്പത്തിക വർഷത്തിൽ തുക അനുവദിക്കു ന്നതിനുള്ള ശിപാർശ സമർപ്പിക്കേണ്ടത്.

Sd/ -

SIVASANKARAN K P

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്:-

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാള്മാർക്കും

പകർപ്പ്:-

Website - യിൽ പ്രസിദ്ധീകരിക്കുന്നതിനായി

// അംഗീകാരത്തോടെ //

ജൂനിയർ സൂപ്രണ്ട്